22 (*348) വൈദ്യുതി റഗുലേറ്ററി കമ്മിഷൻ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കാത്ത സംസ്ഥാനങ്ങളുടെ കേന്ദ്ര വിഹിതം വൈദ്യുതി വെട്ടിക്കുറയ്ക്കുവാൻ സാദ്ധ്യതയുള്ളതായി അറിയാമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേന്ദ്രനിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും അറിയിപ്പുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

23 (*349) വാട്ടർ കണക്ഷനുവേണ്ടി റോഡുകൾ കുഴിക്കുന്നതുമൂലമുള്ള ഗതാഗത തടസ്സം

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ കണക്ഷൻ നല്കുമ്പോൾ റോഡുകൾ കുഴിക്കുന്നതിനുള്ള ചാർജ്കൂടി വാട്ടർ കണക്ഷൻ ചാർജ്ജിനോടൊപ്പം ഉപഭോക്താക്കളിൽ നിന്നും ഈടാക്കാറുണ്ടോ;

(ബി) ഇപ്രകാരം റോഡ് കുഴിക്കുന്നതിനുള്ള തുക ഈടാക്കിയാലും വാട്ടർ കണക്ഷനുവേണ്ടി റോഡുകൾ കുഴിച്ചതിനുശേഷം അത്തരം കുഴികൾ നികത്താതെ ഇടുന്നതുമൂലം സംസ്ഥാനത്ത് പല ഭാഗങ്ങളിലും ഗതാഗത തടസ്സം അനുഭവപ്പെട്ടുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാട്ടർ കണക്ഷനുവേണ്ടി റോഡുകൾ കുറുകെ മുറിക്കുന്നത് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടാണോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ കുഴികൾ നികത്തി റോഡിന്റെ പഴയനില പുനഃസ്ഥാപിക്കുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തൊട്ടാകെയുള്ള പൊതുമരാമത്ത്, തദ്ദേശ ഭരണ റോഡുകൾക്കുണ്ടാകുന്ന ഇത്തരം അവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) വാട്ടർ കണക്ഷനുവേണ്ടി റോഡുകൾ കുഴിക്കേണ്ടി വരുന്നതിന് ഇപ്പോൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുകയുടെ നിരക്ക് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) വാട്ടർ കണക്ഷൻ ചാർജിനോടൊപ്പം റോഡു കുഴിക്കുന്നതിനുള്ള തുക ഉപഭോക്താവിൽ നിന്നും വാട്ടർ അതോറിറ്റി ഈടാക്കാറില്ല. എന്നാൽ വാട്ടർ കണക്ഷൻ നല്കുന്നതിലേയ്ക്ക് റോഡുകൾ കുഴിക്കേണ്ടി വരുമ്പോൾ അവ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട വകുപ്പുകളിൽ (പൊതുമരാമത്ത്/നാഷണൽ ഹൈവേ/തദ്ദേശ സ്വയംഭരണം) ഉപഭോക്താവ് നേരിട്ടടച്ച് അനുവാദം ലഭ്യമാക്കും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡു കുഴിക്കേണ്ടിവരുമ്പോൾ അവ പുനഃസ്ഥാപിക്കുന്നതിനാവശ്യമുള്ള തുക ബന്ധപ്പെട്ട വകുപ്പുകളുടെ (പൊതുമരാമത്ത്/നാഷണൽ ഹൈവേ/തദ്ദേശ സ്വയംഭരണം) നിർദ്ദേശ പ്രകാരം ഉപഭോക്താക്കൾ അതാത് വകുപ്പിൽ അടയ്ക്കാറുണ്ട്. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ വാട്ടർ കണക്ഷന് ആവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ട കുഴികൾ എടുത്തു പൈപ്പുകൾ സ്ഥാപിച്ചതിനു ശേഷം നികത്തുകയും ചെയ്യുകയാണ് പതിവ്. അതിനുശേഷമുള്ള റോഡുകൾ പുനഃസ്ഥാപിക്കേണ്ട ചുമതല ബന്ധപ്പെട്ട പൊതുമരാമത്ത്/നാഷണൽ ഹൈവേ/തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾക്കാണ്.

(സി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു ദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു ഏകോപന സമിതി രൂപീകരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

(ഡി) വാട്ടർ കണക്ഷനുവേണ്ടി റോഡുകൾ കുറുകെ മുറിക്കുന്നത് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലാണ്. റോഡുകൾ കുഴിക്കുന്നതിനുവേണ്ട അനുവാദം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയതിനുശേഷമാണ് കുഴിക്കുന്നത്. റോഡുകൾ പഴയനിലയിൽ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട വകുപ്പുകളിൽ ഉപഭോക്താക്കൾ തന്നെ നേരിട്ട് അടച്ചാണ് അനുവാദം ലഭ്യമാക്കുന്നത്. ആയതിനാൽ റോഡുകൾ പുനഃസ്ഥാപിക്കേണ്ട പ്രധാന ചുമതല ബന്ധപ്പെട്ട വകുപ്പുകളായ പൊതുമരാമത്ത്/നാഷണൽ ഹൈവേ/തദ്ദേശ സ്വയംഭരണം എന്നിവയ്ക്കാണ്.

(ഇ) ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതിനായി പൊതുമരാമത്ത്/നാഷണൽ ഹൈവേ/തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(എഫ്) ഓരോ പ്രദേശത്തെയും പ്രത്യേകത കണക്കിലെടുത്തും കുഴിക്കേണ്ടിവരുന്ന റോഡിന്റെ ഘടന, ദൈർഘ്യം എന്നിവ കണക്കിലെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

മാണ് ഇതിലേയ്ക്കുള്ള ചാർജ്ജ് നഗരസഭകൾ ഈടാക്കി വരുന്നത്. പൊതുമരാമത്ത് വകുപ്പിൽ ഇപ്പോഴത്തെ നിരക്ക് വളരെക്കുറവായതിനാൽ റേറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കാണ് ഈടാക്കുന്നത്.

24 (*350) സംസ്ഥാനത്തെ വൈദ്യുതി റഗുലേറ്ററി കമ്മിഷൻ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി കമ്മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കാത്ത സംസ്ഥാനങ്ങളുടെ കേന്ദ്ര വിഹിതം വൈദ്യുതി വെട്ടിക്കുറയ്ക്കുമെന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റിൽ നിന്നും സംസ്ഥാന ഗവണ്മെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

25 (*351) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എ. കണാരൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കഴിഞ്ഞ മൂന്നു വർഷക്കാലം നടപ്പാക്കിവരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly